**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1785

01.11.2019-ൽ മറുപടിക്ക്

**പോളിടെക്‌നിക് ഡിപ്ലോമ കോഴ്‌സുകളുടെ പഠനഭാരം കുറയ്ക്കൽ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | **ഡോ. കെ. ടി. ജലീൽ** (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) പോളിടെക്‌നിക് ഡിപ്ലോമ കോഴ്‌സുകളുടെ പഠനഭാരം കുറയ്ക്കുന്നതിന് എ.ഐ.സി.റ്റി.ഇ. തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ മാതൃകാ കരിക്കുലം ലഭ്യമാക്കിയിട്ടുണ്ടോ; | (എ) പോളിടെക്‌നിക് ഡിപ്ലോമ കോഴ്‌സുകളുടെ പഠനഭാരം കുറയ്ക്കുന്നതിനെപ്പറ്റി എ.ഐ.സി.റ്റി.ഇ. വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന മാതൃകാ കരിക്കുലത്തിൽ പ്രതിപാദിച്ചിട്ടില്ല. മാതൃകാ കരിക്കുലം എ.ഐ.സി.റ്റി.ഇ. വെബ് സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇപ്രകാരം പാഠ്യപദ്ധതി പരിഷ്കരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) എ.ഐ.സി.റ്റി.ഇ. യുടെ മാതൃകാ കരിക്കുലം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിന്റെ സാഹചര്യത്തിനനുസൃതമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നുകൊണ്ടിരിക്കുകയാണ്. |
| (സി) വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിന് സ്‌പോർട്‌സ്, യോഗ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിന് എ.ഐ.സി.റ്റി.ഇ. മാതൃകാ കരിക്കുലത്തിൽ നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ സ്‌പോർട്‌സ്, യോഗ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.